# ഗവൺമെന്റ് എൽപിഎസ്
# ഇഞ്ചിവിള

# <u>അക്കാദമിക മാസ്റ്റർ പ്ലാൻ</u>

# 2025 - 2026

# "പ്രകാശകിരണങ്ങൾ "

# <u>ഉള്ളടക്കം</u>

ആമുഖം

സ്കൂൾ ചരിത്രവും പശ്ചാത്തലവും

അവസ്ഥാ വിശകലനം

കാഴ്ചപ്പാട്

മലയാളം

ഇംഗ്ലീഷ്

ഗണിതം

ശാസ്ത്രം

പാരിസ്ഥിതി അവബോധം വളർത്തൽ

സാമൂഹിക അവബോധം വളർത്തൽ

വൈഭവങ്ങളുടെ പൂർണ്ണത

വിദ്യാലയ വിലയിരുത്തലും സമൂഹവും

# ആമുഖം

നമ്മുടെ വിദ്യാലയം നമ്മുടെ പ്രദേശത്തുള്ള എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും പ്രാപ്യവും സ്വീകാര്യവുമായി മാറേണ്ടതുണ്ട്

വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും സ്വാതന്ത്ര്യവും ശിശു സൗഹൃദപരവുമായ അന്തരീക്ഷം വിദ്യാലയത്തിൽ ഒരുക്കണം ആരോഗ്യ സുരക്ഷാസംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതായി മാറുന്നു .അതത് പ്രായ ഘട്ടത്തിൽ ആർജിക്കാവുന്ന ഏറ്റവും ഉയർന്ന തലത്തിലുള്ള അറിവും കഴിവും നേടാനും ജനാധിപത്യ മൂല്യബോധം ഉളവാക്കാനും കുട്ടികളെ സജ്ജരാക്കിക്കൊണ്ട് അനന്യമായ വിദ്യാഭ്യാസ അനുഭവങ്ങൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യം സ്വാർത്ഥകമാക്കേണ്ടതുണ്ട് . ഇതിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനത്തിനൊപ്പം അക്കാദമിക സൗകര്യത്തിനുമുള്ള ആസൂത്രണം നടക്കേണ്ടതുണ്ട് . ഇതിനു സഹായകമാകും വിധം അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് എന്ന കാഴ്ചപ്പാട് ഉയർത്തിക്കൊണ്ട് നമ്മുടെ സ്കൂളിന്റെ വസ്തുനിഷ്ഠ സാഹചര്യം പ്രവർത്തനങ്ങൾക്ക് രൂപപ്പെടുത്തേണ്ടതുണ്ട് .

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക . സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന ലക്ഷ്യവും മുന്നിൽ കണ്ടുകൊണ്ട് തയ്യാറാക്കിയതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. 2025 - 26 അധ്യാന വർഷത്തിൽ എല്ലാ ക്ലാസിലെയും മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു . മുകളിലുള്ള വൈകാരിക സാമൂഹിക വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക . പഠന വിടവുകൾ നികത്തുക എന്നതുമാണ് പ്രധാന ലക്ഷ്യം .പഠനപ്രവർത്തനങ്ങൾ ശിശു സൗഹൃദപരവും കൂടുതൽ ആസ്വാദ്യകരവുമായി മാറ്റാനും അതോടൊപ്പം പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഈ പദ്ധതി ലക്ഷ്യമിടുന്നു . അങ്ങനെ നാം തയ്യാറാക്കിയ അക്കാദമി മാസ്റ്റർ പ്ലാൻ ഈ സമൂഹത്തിനുമുന്നിൽ സമർപ്പിക്കുന്നു .

# സ്കൂൾ ചരിത്രവും പശ്ചാത്തലവും

നെയ്യാറ്റിൻകര താലൂക്കിൽ പാറശ്ശാല വില്ലേജിൽ ഇഞ്ചിവിള ദേശത്താണ് ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ ഇഞ്ചിവിള സ്ഥിതി ചെയ്യുന്നത് . 1963ൽ ഗവൺമെന്റ് എൽ പി എസ് ഇഞ്ചിവിള സ്ഥാപിതമായി . കൊല്ലംവിള പുത്തൻ ബംഗ്ലാവ് കുടുംബക്കാരായ 36 പേർ ചേർന്ന് പ്രമാണം ചെയ്ത് വിട്ടുതന്ന 10 സെന്റ് സ്ഥലത്തിൽ ആദ്യമായി ഓലമേഞ്ഞ കെട്ടിടത്തിൽ ഒന്നും രണ്ടും ഡിവിഷനുകളിലായി ക്ലാസുകൾ തുടങ്ങി. 1966 - 67 ൽ സർക്കാർ ഒരേക്കർ സ്ഥലം പൊന്നും വിലയ്ക്ക് വാങ്ങി ഓടുമേഞ്ഞ കെട്ടിടം പണിത് സ്കൂൾ അവിടേക്ക് മാറ്റി സ്ഥാപിച്ചു ആലുവിള പുത്തൻ വീട്ടിൽ പൊടി കുഞ്ഞിന്റെ മകളായ കുമാരി ആഫിയയാണ് സ്കൂളിലെ ആദ്യത്തെ വിദ്യാർത്ഥി .ശ്രീ വേലായുധൻ പിള്ളയായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ .ഇഞ്ചിവിള പ്രദേശ വാസികൾക്ക് വളരെ പ്രയോജനകരമായി തീർന്നിട്ടുണ്ട് ഈ സ്കൂൾ .വളരെ പിന്നോക്കാവസ്ഥയിലുള്ള രക്ഷകർത്താക്കളുടെ കുട്ടികളാണ് ഇവിടെ പഠിച്ചിരുന്നത് .

ഒരു ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പ്രധാന കെട്ടിടങ്ങളിൽ ഒന്ന് വളരെ പഴക്കമുള്ളതാണ് . ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായി ഈ അധ്യാന വർഷം ഒന്നിൽ ഒരു ഡിവിഷനും രണ്ടിൽ രണ്ട് ഡിവിഷനും മറ്റ് 3 നാല് ക്ലാസുകളിൽ ഓരോ ഡിവിഷനും പ്രീ പ്രൈമറി ക്ലാസുകളും രണ്ട് കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്നു . പഴയ പ്രധാന കെട്ടിടത്തിൽ എഇഒ ഓഫീസ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നു . ഈ കെട്ടിടങ്ങൾക്ക് പുറമേ പാചകപ്പുര ഡൈനിങ് റൂം സ്റ്റോർ റൂം കുട്ടികളുടെ എണ്ണത്തിനനുപാതികമായി നവീകരിച്ച ശുചിമുറിയും കുട്ടികൾ കളിക്കാൻ ആവശ്യത്തിന് ഗ്രൗണ്ട് ഉണ്ട് കൂടാതെ ഗ്രാമപഞ്ചായത്ത് നിർമ്മിച്ചു നൽകിയ എസി ഉൾപ്പെടെയുള്ള ഒരു സ്മാർട്ട് ക്ലാസ് റൂം എംഎൽഎ ഫണ്ടിൽ നിന്നും അനുവദിച്ച സ്മാർട്ട് ക്ലാസ് റൂം പ്രവർത്തിച്ചുവരുന്നു . കൂടാതെ എംഎൽഎ ഫണ്ടിൽ നിന്നും സ്കൂൾമുറ്റം ഇന്റർലോക്ക് ചെയ്തിട്ടുണ്ട് .ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീ സതീഷ് മുൻ വാർഡ് മെമ്പർ ശ്രീ സയ്യദളി എന്നിവരുടെ ഫണ്ടിൽ നിന്നും സ്കൂൾ ആഡിറ്റോറിയവും സ്റ്റേജും നിർമ്മിച്ചു നൽകി . കൂടാതെ കുട്ടിക്ക് കളിക്കാനുള്ള പാർക്ക് ശ്രീ സതീഷ് നിർമ്മിച്ചു നൽകി .(ബ്ലോക്ക് പഞ്ചായത്ത് അംഗം )കൃഷി സ്ഥലത്ത് കൃഷി ചെയ്തുവരുന്നു. പ്രീ പ്രൈമറി കുട്ടികൾക്കായി "വർണ്ണ കൂടാരം "എന്ന പദ്ധതിയുടെ പണി പൂർത്തീകരിച്ചു കുട്ടികൾക്ക് പഠനയോഗ്യമാക്കി തീർത്തു .

ജീവിതത്തിന്റെ നാനാതുറയിലുള്ള പ്രഗൽഭരായ അനേകം പേർ അടിസ്ഥാന വിദ്യാഭ്യാസം ഈ സ്കൂളിൽ നിന്നും നേടിയിട്ടുണ്ട് .അതിൽ

നിയമസഭാ ജോയിൻ സെക്രട്ടറി അസിസ്റ്റന്റ് എൻജിനീയർ അധ്യാപകർ പോലീസ് ഓഫീസർ സൈനികർ നേഴ്സ് ഡോക്ടർ പത്രപ്രവർത്തകർ സാമൂഹിക പ്രവർത്തകർ ജനപ്രതിനിധികൾ തുടങ്ങി ധാരാളം പേർ നമ്മുടെ നാടിനു വേണ്ടി സേവനമനുഷ്ഠിച്ചു വരുന്നു .

അധ്യാപകരുടെയും പിടിഎ എം പി ടി എ എസ് എസ് ജി നാട്ടുകാർ എന്നിവരുടെ ഒത്തൊരുമിച്ച പ്രവർത്തനഫലമായി ഇപ്പോൾ 150 ഓളം കുട്ടികൾ പഠിക്കുന്നുണ്ട് . പിടിഎയുടെ നേതൃത്വത്തിൽ തുടങ്ങിയ പ്രീ പ്രൈമറി സ്കൂളിന്റെ പുരോഗതിക്ക് ആക്കംകൂട്ടി . അവിടെ രണ്ട് അധ്യാപകരും ഒരു ആയയും ഉണ്ട് . ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായി ഹെഡ്മിസ്ട്രസ് ഉൾപ്പെടെ ആറ് അധ്യാപകരും ഒരു പിടി സി എം നിലവിലുണ്ട് .നാലുവർഷമായി കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ട്

# സ്കൂൾ പ്രൊഫൈൽ

| | |
|---|---|
| സ്കൂളിന്റെ പേര് | : ഗവൺമെന്റ് എൽപിഎസ് ഇഞ്ചിവിള |
| വാർഡ് | : ഇഞ്ചിവിള |
| ക്ലസ്റ്റർ | : കൊടവിളാകം |
| പഞ്ചായത്ത് | : പാറശ്ശാല ഗ്രാമപഞ്ചായത്ത് |
| ബ്ലോക്ക് | : പാറശാല |
| വിദ്യാഭ്യാസ ജില്ല | : നെയ്യാറ്റിൻകര |
| റവന്യൂ ജില്ല | : തിരുവനന്തപുരം |
| ഹെഡ്മിസ്ട്രസ് | : വെർജിൻ എൻ കെ |
| ഫോൺ നമ്പർ | : 7907303894 |
| ഇമെയിൽ അഡ്രസ് | : 44506inchivila@gmail.com |
| സ്കൂൾ കോഡ് | : 44506 |
| സ്ഥാപിതം | : 196 |

# അവസ്ഥാ വിശകലനം

## നിലവിലെ അവസ്ഥ

## അക്കാദമികം

ആത്മാർത്ഥതയും അർപ്പണബോധവും ഉള്ള അധ്യാപകരുടെ ചിട്ടയായ പ്രവർത്തനത്തിന്റെ ഫലമായി കുട്ടികളുടെ എണ്ണം വർഷംതോറും കൂടുന്നു

2015 16 മുതൽ 2023 24 വരെ തുടർച്ചയായി എൽഎസ്എസ് നേടി കുട്ടികൾ സ്കൂളിന്റെ അഭിമാനം നിലനിർത്തുന്നു. സബ്ജില്ലാ കലോത്സവത്തിൽ ജലച്ചായത്തിനു ഒന്നാം സ്ഥാനവും ഭരതനാട്യത്തിനും രണ്ടാം സ്ഥാനവും മറ്റു മത്സരയിനങ്ങൾക്ക് മികച്ച ഗ്രേഡ് ലഭിച്ചു . അറബിക്ക കലോത്സവത്തിന് സബ് സബ്ജില്ലാതലത്തിൽ രണ്ടാം സ്ഥാനം ലഭിച്ചു .സബ്ജില്ലാ ശാസ്ത്രമേളയിലും മികച്ച ഗ്രേഡുകൾ ലഭിച്ചു . സ്കൂളും പരിസരവും പ്ലാസ്റ്റിക് വിമുക്ത സ്കൂളാക്കി മാറ്റാൻ സാധിച്ചു .

## ഭൗതികം

രണ്ടു പ്രധാന കെട്ടിടങ്ങളിലായി ക്ലാസ് റൂമുകൾ പ്രവർത്തിക്കുന്നു ഗ്രാമപഞ്ചായത്ത് അനുവദിച്ച സ്മാർട്ട് ക്ലാസ് റൂം എംഎൽഎ ഫണ്ടോട് കൂടി അനുവദിച്ച എസിയോട് കൂടിയ സ്മാർട്ട് ക്ലാസ്സ് റൂം കുട്ടികൾക്ക് വളരെ പ്രയോജനപ്പെടുന്നു നവീകരിച്ച ഭക്ഷണശാല, ചുറ്റുമതിൽ, ആഡിറ്റോറിയം, ചിൽഡ്രൻസ് പാർക്ക്, നവീകരിച്ച ടോയ്ലറ്റ്, മേൽക്കൂരയോട് കൂടിയ കൈ കഴുകാനുള്ള വാഷ്ബേസിൻ സംവിധാനം ,സ്കൂൾ മുറ്റം ഇന്റർലോക്ക് ,വൈവിധ്യ ഉദ്യാനം ,ശലഭ പാർക്ക് ,കമ്പ്യൂട്ടറുകൾ ലാപ്ടോപ്പുകൾ ആവശ്യത്തിനുള്ള ഫർണിച്ചറുകൾ പുതിയ സ്കൂൾ കെട്ടിടം ജൈവകൃഷിയിടം കളിസ്ഥലം ശിശു സൗഹൃദ അന്തരീക്ഷം വർണ്ണ കൂടാരം തുടങ്ങിയവയെല്ലാം ഈ സ്കൂളിന്റെ മികവിൽ ഉൾപ്പെടുന്നു .

# പൊതു ലക്ഷ്യങ്ങൾ

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ മുഴുവൻ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും .

കുട്ടികളുടെ സർഗ്ഗപരവും ശാസ്ത്ര ഗണിത ശാസ്ത്ര പ്രവർത്തി പരിചയമേളകളും കലാകായിക വാസനകളും കണ്ടുപിടിച്ച പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും .

എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകൾ വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുന്നു .

ഭാഷാ വ്യവഹാര ശേഷികൾക്ക് കൂടുതൽ ഊന്നൽ നൽകുന്നു .

ലൈബ്രറി പുസ്തക വായന വിപുലപ്പെടുത്തും .

മനക്കണക്ക് ചതുഷ്ക്രിയകൾ എന്നിവ സ്വായത്തമാക്കാനുള്ള കൂടുതൽ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകും .

നാലാം ക്ലാസിലെ മുഴുവൻ കുട്ടികളെ എൽഎസ്എസ് പരീക്ഷയ്ക്ക് സജ്ജരാക്കാൻ എല്ലാവിധ പരിശീലനവും നൽകുന്നു .

ശാസ്ത്ര പഠനത്തിൽ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ച് പഠനം എളുപ്പമാക്കാൻ ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കുന്നു .

പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ നൽകൽ .

പഠനോപകരണ നിർമ്മാണം .

പഠനയാത

# മലയാളം

## ലക്ഷ്യം

മലയാള ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതാനുമുള്ള ശേഷിവികസിപ്പിക്കൽ

ഉപലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക
- വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കുവയ്ക്കുന്നതിന് അവസരം സൃഷ്ടിക്കുക
- ക്ലാസ് വായനശാലകൾ യാഥാർത്ഥ്യമാക്കുക
- വ്യത്യസ്ത തലങ്ങളിലൂടെ വായന നടത്താനുള്ള കഴിവ് നേടുക
- പ്രാദേശികമായി വായനാ സാമഗ്രികൾ രൂപപ്പെടുത്തുക
- രചനാപരമായ കഴിവ് വർദ്ധിപ്പിക്കുക
- ഭാഷയെ ഹൃദ്യവും സർഗാത്മകവും ആസ്വാദ്യകരവും ആക്കുക
- അനുഭവാദിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാക്കുക
- സദസ്സിന് മുൻപാകെ യാതൊരു മടിയുമില്ലാതെ തന്റെ അനുഭവങ്ങൾ ആശയങ്ങൾ ആവശ്യങ്ങൾ പാട്ടുകൾ കഥകൾ എന്നിവ വാചികമായി പങ്കിടുന്നതിനുള്ള കഴിവ് നേടുക
- ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി വിവരണം സംഭാഷണം നാടകം കഥ കവിത എന്നീ രൂപങ്ങളിൽ എഴുതി അവതരിപ്പിക്കുന്നതിന്
- പ്രവർത്തന പദ്ധതി (ജൂൺ മുതൽ മാർച്ച് വരെ )
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹക്കാൻ പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗിരികൾ ഒരിക്കൽ (ലക്ഷ്യം നേടുന്നതു വരെ )
- പ്രീ ടെസ്റ്റ് : പ്രീ ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു (അക്ഷര കാർഡ് പദ കാർഡ് ചിത്ര കാർഡ് എന്നിവ നൽകി പുതിയ വാക്കുകൾ വാക്യങ്ങൾ കണ്ടെത്തുന്നു
- അക്ഷരം ഉറപ്പിക്കൽ : ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിച്ച് വാക്കുകളിൽ നിന്ന് വാക്യങ്ങൾ രൂപീകരിക്കുന്നു

- അടയാളങ്ങൾ ഉറപ്പിക്കൽ : കഥ കേളി ചിഹ്ന കേളി ചിത്രങ്ങൾ എന്നിവയിലൂടെ അടയാളങ്ങൾ ഉറപ്പിക്കുന്നു

- വായിക്കാം വളരാം (വർഷം മുഴുവൻ )

- വായനശേഷി വളർത്തൽ : ക്ലാസ് വായന കൂട്ടം സംഘടിപ്പിക്കൽ,വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് പുസ്തക പരിചയം പുസ്തക സംവാദം വായിച്ച പുസ്തകത്തെ അടിസ്ഥാനമാക്കി പുതിയ സർഗ്ഗസൃഷ്ടി രൂപീകരിക്കൽ

- പത്ര വായന : വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ പത്രക്വിസ് വാർത്ത തയ്യാറാക്കൽ പുതിയ അറിവ് കണ്ടെത്തൽ എഴുത്ത് ചുമർപത്രിക തയ്യാറാക്കൽ

- ചിത്ര കാർഡ് : ചിത്രം നൽകി അടിക്കുറിപ്പ് പറയുക എഴുതുക

- കഥ ബാക്കി പറയൽ എഴുത്ത് : കഥയുടെ കുറച്ചുഭാഗം നൽകുന്നു ബാക്കി പറയിപ്പിക്കുന്നു എഴുതിക്കുന്നു

- പുസ്തക ചങ്ങാതി : മികച്ച വായനക്കാരെ കണ്ടെത്തൽ വായനാക്കൂട്ടം രൂപീകരിക്കൽ എത്ര പുസ്തകം വായിക്കാം എങ്ങനെ തിരഞ്ഞെടുക്കാം പാഠഭാഗവുമായി ബന്ധപ്പെട്ട ചർച്ച അസംബ്ലിയിൽ ബാലസഭയിൽ വായനാക്കുറിപ്പ് അവതരിപ്പിക്കൽ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ വീട്ടിൽ ഒരു ലൈബ്രറി പതിപ്പ് പ്രകാശനം

- ക്ലാസ് ലൈബ്രറി രൂപീകരിക്കൽ : കുട്ടികളുടെ സഹായത്തോടെ വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ക്ലാസ് ലൈബ്രറി രൂപീകരിക്കുന്നു

- സ്കൂൾ ലൈബ്രറി നവീകരണം : വിവിധ തലക്കെട്ടോടെയുള്ള പുസ്തക ക്രമീകരണം ,ബർത്ത് ഡേ പുസ്തക ശേഖരണം ,പുസ്തക വിതരണ രജിസ്റ്റർ ,കുട്ടി ലൈബ്രേറിയൻ

- ഭാഷാ പ്രോജക്ട് : ഭാഷയെ കൂടുതൽ മനസ്സിലാക്കുന്നതിനും ആഴത്തിലുള്ള വായനയ്ക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ പാഠപുസ്തകവുമായി ബന്ധപ്പെട്ട് ചെയ്യുന്നു

- വിദ്യാരംഗം കലാസാഹിത്യവേദി : സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ പുസ്തകങ്ങൾ മഹത് വചനങ്ങൾ ജീവചരിത്രക്കുറിപ്പുകൾ ആസ്വാദനക്കുറിപ്പുകൾ എന്നിവ പ്രദർശിപ്പിക്കൽ

- അമ്മ വായന : സ്കൂൾ ലൈബ്രറിയിൽ നിന്നും അമ്മമാർക്ക് പുസ്തകം തിരഞ്ഞെടുക്കാൻ അവസരം വായനാക്കുറിപ്പ്

തയ്യാറാക്കൽ മികച്ച കുറുപ്പ് കണ്ടെത്തൽ പ്രോത്സാഹനം നൽകൽ

- സംയുക്ത ഡയറി (1,2 ക്ലാസുകൾ ) : രക്ഷിതാവിന്റെ യോ അധ്യാപകരുടെയോ സഹായത്തോടെ ദൈനംദിന അനുഭവങ്ങൾ ആശയം ഉൾക്കൊണ്ടുകൊണ്ട് എഴുതുന്നതിന് കുട്ടിക്ക് കഴിയുന്നു ഭാഷ പഠനത്തിൽ രചനയുടെ അടിസ്ഥാനശേഷി വികസനം സാധ്യമാക്കുന്നു

- സർഗാത്മക ഡയറി (3, 4 ക്ലാസുകൾ ): സ്വന്തം അനുഭവത്തെ അടിസ്ഥാനമാക്കി സ്വതന്ത്ര രചനാ ശേഷി വികസിപ്പിക്കുന്നതിലൂടെ ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർഗാത്മകത വികസിപ്പിക്കുന്നതിനും സഹായിക്കുന്നു

- നാട്ടുവിശേഷം കൂട്ടെഴുത്ത് : ഭാഷാ പഠനം പരിസര പഠനവുമായി ബന്ധിപ്പിക്കുന്നു

- ക്ലാസ് പത്രം : ഓരോ കുട്ടിയും തങ്ങൾ കണ്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാൻ എഴുതാനും പ്രാപ്തനാക്കുന്നു . ഒരുപത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്തുന്നതിന് സാധിക്കുന്നു . ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു .

- രചനോത്സവം, ഭാഷോത്സവം (1, 2 ക്ലാസുകൾ ): കഥ കവിത ഡയറി ക്ഷണക്കത്ത് സംഭാഷണം വിവരണം വ്യവഹാര രൂപങ്ങൾ പരിചയപ്പെടുന്നു . എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരും എഴുത്തുകാരും ആക്കുന്നു. കുട്ടികളുടെ മികവുകൾ സമൂഹത്തിനുമുന്നിൽ പ്രകടമാക്കാൻ കഴിയുന്നു .

- പാട്ടരങ്ങ് (1 ,2 ക്ലാസുകൾ ) : പാട്ടരങ്ങ് ഏകദിന ശില്പ്ശാല ,പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം കുട്ടികളെ കൂടി പങ്കാളികളാക്കി അവതരിപ്പിക്കൽ , പാഠഭാഗത്തെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ
- കാവിയോത്സവം (3 , 4 ക്ലാസുകൾ ) : കവിത ചൊല്ലുകയും ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് കൂട്ടിച്ചേർക്കുന്നു . പാഠഭാഗത്തെ കവിതകളും അനുബന്ധ കവിതകളും താളത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു

# English

- Aim

  To speak, read and write English without any mistake.
  Objectives and learning out comes.
  Response to simple instructions in the class room.
  Describe orally about the pictures and objects .English movie
  Enjoy songs and allow to sing them with rhythmic and action.

- Pre - test

  To check the vocabulary and writing skills of students. (STD: 2,3,4)

- June /July

  Introduce simple words. Provide picture cards (STD:1)
  To develop listening and reading skills. Game, action song, conversation /skit. (STD 2)
  Give chance to listen stories and to present stories. (STD 3)
  Give chance to English speak in English and to convey a speech in English. (STD 4)

- August/September

  Game, Action Song, Conversations, Identify the name which are given in the picture.
  Identify the action words. Make simple sentence using them.
  Make simple description about the picture. Reading small sentence from library textbook. ( STD:1)
  Read sentence card, word card, word web, rhyming words, picture description and add more lines. (STD:2)
  Identify the naming and action words, action songs presentation, games and make simple sentence.(STD3)
  Reading English books from the class library. Picture reading and description. (STD 4)

- October/November

  Find out a specific word from the content. Text book activities, make word web, add more lines. To express thinking and feeling skills. (STD 1)
  To develop thinking and feeling skills to write a story. (STD 2)
  Read news paper, library book and to give review about the book.
  Read notice and prepare notice like that. (STD 3)
  Reading English books from the class library. Picture reading and description (STD 4)

- December/January

Dairy reading, sing small rhymes and give chance to express their ideas.
Develop speaking and writing skills. (STD 1)
Develop reading and writing skills. Write dairy by reading the news paper.(STD 2)
Develop reading and writing skills. Write dairy and develop stories.
Write news from news paper (STD 3)
Present English conversation, skit, drama in the class. English fest, assembly. (STD 4)

- February/March

Express ideas of their own, develop stories and read small stories.(STD 1)
Book reading. Presenting conversation in class PTA. (STD:2)
News reading, conversation, dairy writing, develop stories, write descriptions, present ideas in class PTA and other occasions. (STD 3)
News reading, conversation, dairy writing, develop stories, write descriptions, present ideas in class PTA and other occasions. (STD 4)

# <u>അറബിക്</u>

## ലക്ഷ്യങ്ങൾ

അറബിക് അക്ഷരങ്ങളുടെ ഉച്ചാരണം എഴുത്തുരീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് വായന പദനിർമ്മാണം പദശേഖരണം.

ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു .

കഥ കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന് .

മാഗസിൻ നിർമ്മാണം .

ദിനാചരണങ്ങൾ പരിചയപ്പെടുന്നു .

## ഉപലക്ഷ്യങ്ങൾ

അക്ഷര വായന : അക്ഷരകാർഡുകൾ നൽകുന്നു .

എഴുത്തു രീതി : അക്ഷരങ്ങൾക്ക് നിറം നൽകാൻ . അക്ഷരങ്ങൾ ഔട്ട്‌ലൈൻ നൽകി എഴുതാൻ പരിശീലിപ്പിക്കുന്ന

ചിഹ്നങ്ങൾ ചേർത്തു വായന : ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ . ഐ സി ടി ഉപയോഗിക്കുന്നു .

പദനിർമ്മാണം : അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലന നൽകുന്നു.

പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകുന്നു .

പദ നിർമ്മാണ മത്സരങ്ങൾ നടത്തുന്നു .

ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു : പാഠ പുസ്തകത്തിലെ ഉപചാര വാക്കുകൾ നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു .

കവിത കേട്ട് ആസ്വദിക്കുന്നു : ചെറിയ കവിതകൾ കഥകൾ അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക.

മാഗസിൻ നിർമ്മാണം : പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു .

ദിനാചരണങ്ങൾ പരിചയപ്പെടൽ : ചിത്രങ്ങൾ വരക്കൽ ഓരോ ദിനാചരണത്തിന്റെയും ഭാഗമായി പ്ലക്കാർഡുകൾ നിർമ്മിക്കുന്നു .

# ഗണിതം

അടിസ്ഥാനശേഷികളുടെ പരിമിതി മറികടക്കൽ .

# ലക്ഷ്യങ്ങൾ

ഗണിതശാസ്ത്രത്തിൽ സവിശേഷവൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക .

ഗണിചിന്ത യുക്തിചിന്ത വിശകലനശേഷി ഇവ കുട്ടികളിൽ വികസിപ്പിക്കുക .

പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ ഗണിതത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക .

ഗണിതം ആസ്വാദ്യം ആക്കുക .

ഗണിതം ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു .

സി ഡബ്ല്യു എസ് എൻ കുട്ടികളെ നേർധാരയിൽ എത്തിക്കുക .

ഗണിതത്തിന്റെ ആവശ്യകത ഗണിത പഠനത്തിന്റെ ആവശ്യകത ,അഭിരുചി വളർത്തുക.

പച്ചക്കറി കൃഷിയിലൂടെ ഗണിത പഠനം.

സംഖ്യാബോധം ഉളവാക്കൽ .

മൂന്നക്ക നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ .

ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു .

# പ്രവർത്തന വിശദീകരണം .

## അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു .

ചോദ്യാവലി തയ്യാറാക്കുന്നു.

പ്രീ ടെസ്റ്റ് നടത്തുന്നു.

മൂല്യനിർണയം നടത്തുന്നു .

റിസൾട്ട് രേഖപ്പെടുത്തുന്നു .

എസ് ആർ ജിയിൽ രേഖപ്പെടുത്തുന്നു .

സംഖ്യ ബോധം ഉറപ്പിക്കുന്നു .

സംഖ്യകൾ എഴുതി നറുക്ക് കുട്ടികൾക്ക് നൽകുന്നു .

കിട്ടിയ സംഖ്യ വായിക്കാം .

മറ്റുള്ളവർ സംഖ്യ എഴുതുന്നു .

പാറ്റേൺ പൂർത്തിയാക്കാം .

വ്യത്യസ്ത സംഖ്യകൾ (ആരോഹണം അവരോഹണം) .

(ജൂൺ മാസം )

## മൂന്നക്ക നാലക്കസംഖ്യകളെ വ്യാഖ്യാനിക്കൽ :

കൂട്ടങ്ങൾ ആക്കാം .

ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം .

കളി നോട്ട് / ഗ്രിഡ് ഉപയോഗിച്ച് ഒന്ന് 10 100 , 1000 കൂട്ടങ്ങൾ ആക്കി മാറ്റാം .

സംഖ്യ സൂര്യൻ ബി ബിയിൽ മൂന്നക്ക സംഖ്യ എഴുതുന്നത് .

(ജൂൺ മുതൽ സെപ്റ്റംബർ വരെ )

# ഗണിത ക്ലബ്ബ് :

ഓരോ ക്ലാസിലെയും കാൽ ഭാഗം കുട്ടികളെ ഗണിത ക്ലബ്ബിൽ അംഗങ്ങൾ ആക്കുന്നു .

ക്ലബ്ബിലെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ് തലത്തിലും സ്കൂൾതലത്തിലും പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു .

പഠനോപകരണങ്ങൾ ആവശ്യമായവ കണ്ടെത്തുന്നു .

ഗണിത കിറ്റ് നിർമ്മാണം .

വിദഗ്ദരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു .

## ഗണിത മാഗസിൻ :

ഗണിതാശയങ്ങൾ പ്രശ്നങ്ങൾ പാറ്റേണുകൾ ചിത്രങ്ങൾ ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഫസിലുകൾ മാന്ത്രിക ചതുരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ് തലത്തിലും സ്കൂൾതലത്തിലും മാഗസിൻ തയ്യാറാക്കുന്നു .

## ഗണിത പ്രോജക്ട് :

വ്യക്തിഗതമായും ഗ്രൂപ്പായും കണ്ടെത്തി അതാത് ക്ലാസുകൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ഗണിത ക്ലബ്ബിലെ കുട്ടികൾ ശേഖരിക്കുന്നു അതിൽ മികച്ചവ പ്രോജക്ട് ആയി പ്രദർശിപ്പിക്കുന്നു .

## ഉത്തര പെട്ടി :

ഗണിത പ്രശ്നങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു . കുട്ടികൾ ഉത്തരംകണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു . സമയം അനുവദിക്കുന്നു . വിജയികളെ കണ്ടെത്തി പ്രഖ്യാപിക്കുന്നു . ഉത്തരം വിശകലനം ചെയ്ത് അവതരിപ്പിക്കൽ .

## ഗണിത ക്വിസ് :

മാസത്തിലൊരിക്കൽ ഗണിതവുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ ക്ലാസ് തലത്തിലും സ്കൂൾതലത്തിലും നടത്തുന്നു .

## ഗണിത ലാബ് :

വിദ്യാലയത്തിൽ പൊതുവേ ഗണിതവുമായി ബന്ധപ്പെട്ട രസകരവും ലളിതവുമായ പ്രോജക്ടുകൾ സ്വയം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു . ഗണിത റഫറൻസ് ബുക്കുകൾ വർക്കിംഗ് മോഡൽ ചുമർ ഗണിത ചിത്രങ്ങൾ അബാക്കസ് ജാമിതീയ രൂപങ്ങൾ ജിയോ ബോർഡ് സംഖ്യാ കാർഡ് എന്നിവ അതാത് ക്ലാസുകൾക്ക് അനുയോജ്യമായത് തിട്ടപ്പെടുത്തുന്നു .

## ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു :

സംഖ്യ ചക്രം .

സംഖ്യാ ചക്രം കറക്കി രണ്ട് സംഖ്യകൾ തെരഞ്ഞെടുക്കുന്നു .

അവ തമ്മിലുള്ള സങ്കലനം വ്യവകലനം ഗുണനം ഹരണം .

ഭാഗ്യവാനെ കണ്ടെത്താ.

അധ്യാപകർ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു .

വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു .

ക്രിയ ചെയ്യാം

ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളത് എന്ന് കണ്ടെത്താം .

## ലിറ്റിൽ മാസ്റ്റർ :

ഗണിതശാസ്ത്രത്തിൽ മികച്ച അഞ്ചു കുട്ടികളെ കണ്ടെത്തി വർഷാവസാനം ലിറ്റിൽ മാസ്റ്റർ ഓഫ് മാത്സ് ആയി തെരഞ്ഞെടുക്കുന്നു .

# പരിസര പഠനം

## ലക്ഷ്യം

തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിന് വിശകലനം നടത്തുന്നതിനും .

ചുറ്റുമുള്ള ജീവികളുടെ പ്രത്യേകതകൾ നിരീക്ഷിക്കുന്നതിന് .

ചോദ്യങ്ങൾ ചോദിക്കുന്നതിന്.

പരീക്ഷണ നിരീക്ഷണ പങ്കാളികളാകുന്നതിനും താല്പര്യ ജനിക്കുന്നതിനും പ്രാപ്തരാക്കുക .

സ്നേഹം വളർത്തുക .

പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ പ്രാപ്തരാക്കുക .

പൂന്തോട്ടം പച്ചക്കറിത്തോട്ട നിർമ്മാണം .

പ്രകൃതി നടത്തം .

കുട്ടികളിൽ വ്യക്തി ശുചിത്വം പരിസര ശുചിത്വം വളർത്തുക .

ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക .

ശാസ്ത്ര അവബോധം ശാസ്ത്ര മനോഭാവം എന്നിവ വികസിപ്പിക്കുക .

ശാസ്ത്ര ലാബ് സജ്ജമാക്കുക .

ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകൾ ശാസ്ത്ര പഠനത്തിനായി ഉപയോഗിക്കുക .

# പഠന പ്രവർത്തന പദ്ധതി

## പ്രകൃതി നടത്തം : ( ജൂൺ ജൂലൈ മാസം )

ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം ജീവികളുടെ പ്രത്യേകതകൾ തിരിച്ചറിയുന്നു . വിവിധ ആവാസ വ്യവസ്ഥകൾ പരിചയപ്പെടുന്നു .

പരിസ്ഥിതിയുമായി ബന്ധപ്പെട്ട വൃക്ഷത്തൈ നടൽ .

ശാസ്ത്ര പരീക്ഷണങ്ങൾ : (ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങൾ മാസങ്ങൾ )

ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു .ചെറു കുറുപ്പുകൾ തയ്യാറാക്കുന്നു .

പൂന്തോട്ട നിർമ്മാണം , പച്ചക്കറി തോട്ട നിർമ്മാണം .

പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് നട്ട വൃക്ഷത്തെ പരിപാലനം .

പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് .

## ദിനാചരണം

ചാന്ദ്രദിനം ഓസോൺ ദിനം ദേശീയ ഊർജ്ജ സംരക്ഷണ ദിനം സൈലന്റ് വാലി ദിനം സി വി രാമൻ ജന്മദിനം തുടങ്ങി ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങൾ ആചരിക്കുന്നു ശാസ്ത്ര ക്വിസ് ചുമർ പത്രിക പതിപ്പ് .

## ശാസ്ത്രോത്സവം

ശാസ്ത്രജ്ഞന്മാരുടെ ചിത്രം ജീവചരിത്രം കണ്ടുപിടിത്തങ്ങൾ ഉപകരണം മാതൃകകൾ കുട്ടികളുടെ ശാസ്ത്ര പതിപ്പുകൾ ബോധവൽക്കരണ ക്ലാസുകൾ .

## ശാസ്ത്ര പരീക്ഷണങ്ങൾ

ഓരോ ക്ലാസ്സിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട രണ്ടു കുട്ടികൾ വീതം പരീക്ഷണം മുൻകൂട്ടി ആസൂത്രണം ചെയ്തു പരീക്ഷണത്തിന്റെ പേര് പ്രവർത്തനതത്വം എന്നിവ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു .

## ശാസ്ത്ര മാസിക

ക്വിസ് ചോദ്യങ്ങൾ പരീക്ഷണക്കുറപ്പ് ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ ജീവചരിത്രക്കുറിപ്പുകൾ കണ്ടുപിടിത്തങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് മാസിക ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്നു .

## ശാസ്ത്ര ലാബ് രൂപീകരണം

എസ് ആർ ജി മീറ്റിംഗ് ചേർന്ന് ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങളും പഠനോപകരണങ്ങളും പരീക്ഷണ വസ്തുക്കളും തയ്യാറാക്കി ലാബ് സജ്ജീകരിക്കാനും സാധിക്കുന്നു ശാസ്ത്ര പഠനോപകരണ കിറ്റ് തയ്യാറാക്കുന്ന .

## ഫീൽഡ് ട്രിപ്പ്

ശാസ്ത്രം മ്യൂസിയം നക്ഷത്ര ബംഗ്ലാവ് വി എസ് എസ് സി റോക്കറ്റ് വിക്ഷേപണ കേന്ദ്രം പ്ലാനറ്റോറിയം തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കുന്നു .

## പ്രോജക്ട്

ചന്ദ്രന്റെ വൃത്തിക്ഷയങ്ങൾ നിരീക്ഷിച്ച് നിഗമനത്തിൽ എത്തുന്നു . ഗ്രഹങ്ങൾ നിരീക്ഷണം നടത്തി ലഘുക്കുറിപ്പുകൾ തയ്യാറാക്കുന്നു .

# ആരോഗ്യ കായിക വിദ്യാഭ്യാസം

എല്ലാ കുട്ടികൾക്കും സൂമ്പ ഏറോബിക്സ് എക്സർസൈസ് ഗെയിംസ് എന്നിവ നൽകുന്നു .

ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് പ്രാദേശിക ലിംഗ വർഗ ഭേദമന്യേ അവസരങ്ങൾ ഒരുക്കിയിട്ടുണ്ട് .

ഹെൽത്ത് ഡിസിപ്ലിൻ ചാർട്ട് സ്കൂളിൽ ചെയ്യുന്നുണ്ട് .

ക്യാമ്പസിനെ മാലിന്യമുക്തമാക്കാൻ ഹരിതാഭം ആക്കാൻ തുടങ്ങിയവയിൽ സജീവമായി പങ്കെടുക്കുന്നുണ്ട് .

## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള പരിശീലന പരിപാടി

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കിയിട്ടുണ്ട് .

കുട്ടികൾക്ക് സർഗാത്മകമായ കഴിവുകൾ കണ്ടെത്താൻ പദ്ധതികൾ സ്കൂളിൽ നടപ്പിലാക്കുന്നു .

പഠന പിന്തുണ ആവശ്യമായ കുട്ടികളെ കണ്ടെത്തി പഠനപിന്തുണ നൽകുന്ന പ്രവർത്തനങ്ങൾ ഉറപ്പാക്കിയിട്ടുണ്ട് .

മലയാളത്തിളക്കം പോലെയുള്ളവ സ്കൂളിൽ നടപ്പിലാക്കാൻ തീരുമാനിച്ചു ഇംഗ്ലീഷ് ഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി പ്രവർത്തനങ്ങൾക്ക് കൂടുതൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു .

കുട്ടികൾ തുടർച്ചയായി സ്കൂളിൽ ഹാജരാകാത്ത അവസ്ഥ ഉണ്ടായിരുന്നു .

സ്കൂളിൽ എന്നും വരാനുള്ള പ്രേരണ ഉണ്ടാക്കിയെടുക്കാൻ ഒരു പരിധി വരെ കഴിഞ്ഞവർഷം കഴിഞ്ഞിട്ടുണ്ട് . അത് ഈ വർഷവും തുടരാൻ തീരുമാനിച്ചു .പ്രതിവാര എസ് ആർ ജി എൽ അക്കാദമിക് മാസ്റ്റർ പ്ലാൻ പുരോഗതി ചർച്ച ചെയ്യും